**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 496 — 07.01.2014-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്കെതിരെയുള്ള കോടതിവിധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ശിവൻകുട്ടി | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | കൺസ്യൂമർഫെഡ് പ്രസിഡന്റായി ശ്രീ.ജോയി തോമസും, വൈസ് പ്രസിഡന്റായി ശ്രീ.എം.സുദർശനനും തൽസ്ഥാനത്ത് തുടരുന്നതിനെതിരെ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇവർ തൽസ്ഥാനങ്ങളിൽ നിന്നും മാറിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ്; | (എ) | ഹൈക്കോടതി സിംഗിൾ ബഞ്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഡിവിഷൻ ബഞ്ച് ആയതു സ്റ്റേ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇവർ തൽസ്ഥാനങ്ങളിൽ തുടരുന്നു. |
| (ബി) | കോടതി ഉത്തരവിന് ആധാരമായ സഹകരണ നിയമത്തിലെ ഭേദഗതി നിലവിൽ വന്നത് എന്നാണ്; പ്രസ്തുത തീയതി മുതൽ പ്രസിഡന്റും, വൈസ് പ്രസിഡന്റും കൈപ്പറ്റിയ ആനുകൂല്യങ്ങൾ | (ബി) | കോടതി ഉത്തരവിന് ആധാരമായ നിയമം പ്രാബല്യത്തിൽ വന്നത് 14.2.13 മുതലാണ്. എന്നാൽ ശ്രീ.ജോയി തോമസും, ശ്രീ.എം.സുദർശനനും നിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് |

| | |
|---|---|
| നിയമവിരുദ്ധമാണെങ്കിൽ അവ തിരിച്ച് പിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | തസ്തികകളിൽ നിയോഗിതരായിരുന്നു. നിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് നിയോഗിതരായിരുന്നവർക്ക് തുടരത്തക്കവിധം, സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഉത്തരവായിട്ടുള്ളതാണ്. ഈ ഉത്തരവാണ് കോടതിയുടെ പരിഗണനയിൽ നിലവിലുള്ളത്. നിലവിലുള്ള സാഹചര്യത്തിൽ കൈപ്പറ്റിയ ആനുകൂല്യങ്ങൾ നിയമവിരുദ്ധമെന്ന് കാണുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ